## ജീവിതത്തിൽ മാനവികത ചാലിച്ചുചേർത്ത വൈദ്യൻ

ആര്യവൈദ്യശാലയുടെ സ്ഥാപകൻ വൈദ്യരത്നം പി.എസ്. വാരിയരുടെ നൂറ്റിഅൻപതാം ജന്മവർഷമാണിത്. പത്തൊൻപതാം നൂറ്റാണ്ടിന്റെ രണ്ടാംപകുതിയിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിലുമായി അന്നത്തെ കേരളത്തിലെ അതിസാധാരണമായ ഒരു ഗ്രാമത്തിൽ ജീവിച്ച ഒരു വൈദ്യൻ വിശ്വത്തോളം വളർന്ന് ചരിത്രം രചിച്ചു എന്നതാണ് വൈദ്യരത്നത്തിന്റെ ജീവിതത്തിന്റെ മഹിമ.

വൈദേശികാധിപത്യത്തിൻ കീഴിൽ ജീവിച്ചിരുന്ന ഒരു ജനതയുടെ ആത്മാഭിമാനവും ജ്ഞാനസമ്പത്തും ഒരുപോലെ അവഗണന നേരിട്ടിരുന്ന ഒരു നാട്ടിൽ താൻ പഠിച്ച ശാസ്ത്രത്തിൽ അടിയുറച്ച് വിശ്വസിക്കുകയും മാറുന്നകാലത്തിന്റെ ഉഷ്ണവായുവിനെ തന്റെ ജീവിത പരിസരത്തിലേയ്ക്ക് സന്നിവേശിപ്പിക്കുകയുമായിരുന്നു വൈദ്യരത്നം.

സംസ്കൃതം, ജ്യോതിഷം, വൈദ്യം എന്നീ വിഷയങ്ങൾ സാധാരണരീതിയിൽ ഗുരുകുല സമ്പ്രദായത്തിൽ പഠിക്കുക എന്നതായിരുന്നു അന്നത്തെ രീതി. ആ നാട്ടാചാരരീതിയിൽ കുട്ടഞ്ചേരി അപ്ഫൻ മൂസ്സിന്റെ കീഴിൽ പന്നിയമ്പള്ളി ശങ്കുണ്ണി വാരിയരും ആയുർവേദം പഠിക്കുകയായിരുന്നു. ഗുരുകുലരീതിയിൽ വൈദ്യപഠനത്തിനുശേഷം മഞ്ചേരിയിലെ ഡോ. വർഗീസിന്റെ കീഴിൽ മൂന്ന്വർഷം അലോപ്പതി വൈദ്യം പഠിക്കുവാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു. ഡോ. വർഗീസുമായുള്ള സമ്പർക്കമാണ് ആധുനികവീക്ഷണമുള്ള പി.എസ്. വാരിയരെ സൃഷ്ടിച്ചത്.

### *നവീകരണം- വൈദ്യരത്നത്തിന്റെ വഴി*

നാട്ടിലെ വൈദ്യൻ കുറിച്ചുനൽകുന്ന മരുന്നുകുറിപ്പടി; അങ്ങാടികളിൽ നിന്ന് ലഭിക്കുന്ന മരുന്നുകൂട്ടങ്ങൾ; വീടുതോറും കഷായക്കലങ്ങൾ എന്ന സമവാക്യത്തെ പുനർനിർണയിച്ച് കേന്ദ്രീകൃതമായി ഔഷധങ്ങൾ നിർമ്മിച്ച് വിതരണം നിർവഹിക്കുന്ന ആധുനികതയിലേയ്ക്ക് നയിച്ചു എന്നതാണ് ആയുർവേദലോകത്തിന് വൈദ്യരത്നം നൽകിയ ഏറ്റവും മഹത്തായ സംഭാവന. മാറുന്ന ലോകത്തിന്റെയും കാലത്തിന്റെയും

ആവശ്യങ്ങൾക്കനുസരിച്ച് ഒരു ശാസ്ത്രത്തിന് നവീനമായ മുഖം നൽകുകയായിരുന്നു അദ്ദേഹം. ഇന്ന് ടാബ്ലറ്റ്, സിറപ്പ്, ജെൽ, എക്സ്ട്രാക്റ്റ് തുടങ്ങിയ വ്യത്യസ്തമായ രൂപങ്ങളിൽ ആയുർവേദ മരുന്നുകൾ രൂപംകൊള്ളുന്നതിന്റെ രീതിശാസ്ത്രം ഉരുവപ്പെട്ടത് ഇങ്ങനെയായിരുന്നു.

ഗുരുകുല സമ്പ്രദായത്തിൽ നടന്നുകൊണ്ടിരുന്ന വൈദ്യവിദ്യാഭ്യാസത്തെ അക്കാദമികരൂപത്തിലേയ്ക്ക് പരിവർത്തനം ചെയ്തത് വൈദ്യരത്നം പി,എസ്. വാരിയരുടെ മറ്റൊരു മഹത്തായ സംഭാവനയായിരുന്നു. കോഴിക്കോട് കേന്ദ്രമായി 1917–ൽ മലബാറിലെ ആദ്യത്തെ ആര്യവൈദ്യപാഠശാലയ്ക്ക് തുടക്കമായി. ജാതിയുടെയോ മതത്തിന്റെയോ വേർതിരിവില്ലാതെ ഒന്നിച്ചിരുന്ന് വൈദ്യം പഠിക്കാൻ അവസരം സൃഷ്ടിക്കുക എന്നത് കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യവർഷങ്ങളിൽ നടന്ന അദ്ഭുതവും സാമൂഹികമായ പരിവർത്തനത്തിന്റെ സന്ദേശവുമാണ്.

<u>*മനുഷ്യപക്ഷത്തെ വൈദ്യൻ*</u>

കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യവർഷങ്ങളിൽ(1906ൽ) കേരളത്തിൽ വ്യാപകമായതോതിൽ കോളറ ബാധിച്ചു. നിരവധി മുനഷ്യർ കോളറബാധിതരായി. പൊതുജനാരോഗ്യ സംവിധാനങ്ങൾ ഒന്നുമില്ലാതിരുന്ന അക്കാലത്ത് വീടുകളിൽചെന്ന് ശുദ്ധജലത്തെക്കുറിച്ചും ആരോഗ്യസംരക്ഷണത്തെക്കുറിച്ചും ആരോഗ്യബോധവത്കരണം നടത്തിയ ഇതിഹാസസമാനമായ ചരിത്രം വൈദ്യരത്നം പി.എസ്. വാരിയർക്ക് ഉണ്ട്. മാത്രവുമല്ല കോളറയെ പ്രതിരോധിക്കുന്നതിനായി പുതിയ ഔഷധക്കൂട്ട് വികസിപ്പിച്ച് ആയത് വിതരണം ചെയ്ത ചരിത്രവും അദ്ദേഹത്തിന് അവകാശപ്പെട്ടതാണ്.

ഒന്നാംലോകമഹായുദ്ധവേളയിൽ(1914 മുതൽ) നാട്ടിലെങ്ങും ദാരിദ്ര്യവും ക്ഷാമവും സംഹാരതാണ്ഡവമാടി. ഭക്ഷണസാധനങ്ങൾക്ക് ക്ഷാമം. അരിയും മണ്ണെണ്ണയും തുണിയും കിട്ടാനില്ല. നാട്ടുകാരുടെ കൈയ്യിലാണെങ്കിൽ പണവുമില്ല. ഈ സന്ദർഭത്തിലാണ് ആര്യവൈദ്യശാല ധർമ്മാശുപത്രിയുടെ പണിതുടങ്ങുന്നത്. സാമ്പത്തിക പ്രതിസന്ധി കാലത്ത് കെട്ടിടംപണി തുടങ്ങുന്നതിനെക്കുറിച്ച് ഒപ്പമുള്ളവർ ആശങ്കപങ്കുവെച്ചപ്പോൾ വൈദ്യരത്നം നൽകിയ മറുപടി അദ്ദേഹത്തിന്റെ ജീവിതത്തിന്റെ മാനിഫെസ്റ്റോയാണ്.

'നാട്ടിലെങ്ങും ദാരിദ്ര്യവും പട്ടിണിയും തൊഴിലില്ലായ്മയുമാണ്;
നാട്ടുകാർക്ക് ജീവിക്കുവാൻ പണികൊടുക്കുന്നതിനു
വേണ്ടിയാണ് ഇപ്പോൾ ധർമ്മാശുപത്രി കെട്ടിടം പണിയുന്നത്.'

1921 ലെ മലബാർ കലാപവേളയിൽ മുസ്ലീംവിഭാഗത്തിൽപ്പെട്ട പുരുഷന്മാർ ഒന്നുകിൽ പോലീസ് പിടിയിലായി; അതുമല്ലെങ്കിൽ പ്രാണരക്ഷാർത്ഥം നാടുവിട്ടു. ഗൃഹ നാഥന്മാരില്ലാത്ത വീടുകളിൽ സ്ത്രീകളും കുട്ടികളും മാത്രമായി. ആ പ്രതിസന്ധിവേള യിൽ എല്ലാവർക്കും അരികൊടുക്കുവാൻ പി.എസ്. വാരിയർ തയ്യാറായി. സർക്കാറിന്റെ അപ്രീതിയ്ക്ക് പാത്രമാവുമെന്ന് അറിഞ്ഞുകൊണ്ടുതന്നെ നിർവഹിച്ച ഈ പ്രവൃത്തിയുടെ മാനുഷികഭാവം അദ്വിതീയമാണ്. കലാപത്തെത്തുടർന്ന് സംഭവിക്കാമായിരുന്ന പട്ടിണിമരണങ്ങളിൽ നിന്ന് ഒരു സമൂഹത്തെ അക്ഷരാർത്ഥത്തിൽ അദ്ദേഹം രക്ഷിക്കുക യായിരുന്നു.

കേരളത്തിൽ ക്ഷേത്രപ്രവേശന വിളംബരം വരുന്നതിന് ഏതാണ്ട് നാല്വർഷം മുൻപു തന്നെ വൈദ്യരത്നം പണികഴിപ്പിച്ച വിശ്വംഭരക്ഷേത്രത്തിൽ എല്ലാവിഭാഗം ജനങ്ങൾക്കും പ്രവേശനം നൽകിയിരുന്നു. ഒരേയൊരു നിർദ്ദേശം മാത്രമാണ് അദ്ദേഹം മുന്നോട്ടുവെച്ചത്.

ശരീര ശുദ്ധിയോടുകൂടി ക്ഷേത്രദർശനം നടത്തുക എന്നതു മാത്രം!

*<u>കാലത്തിന് മുൻപേനടന്ന വൈദ്യരത്നം</u>*

തപാൽ മാർഗം 'ഹിന്ദു' ദിനപത്രം വരുത്തിച്ച് വായിച്ച വൈദ്യനായിരുന്നു പി.എസ്. വാരിയർ. ഇതുവഴി ആർജ്ജിച്ച ലോകവീക്ഷണം ആ വ്യക്തിത്വത്തിന് നൽകിയിട്ടുള്ള ശോഭ അന്യാദൃശ്യമാണ്. ചില കാര്യങ്ങൾ അറിയുക-

♦ ആര്യവൈദ്യപാഠശാലയിൽ പഠിക്കുവാൻ എത്തിച്ചേർന്ന വിദ്യാർത്ഥികൾക്ക് സഹായ ധനം നൽകി. (സ്റ്റൈപെന്റ് എന്ന വാക്ക് മലയാളി കേൾക്കുവാൻ തുടങ്ങുന്നതിന് മുമ്പാണിത്)

♦ ആര്യവൈദ്യശാലയുടെ രജതജൂബിലി ആഘോഷവേളയിൽ 1927 ൽ ജീവനക്കാർക്ക് ബോണസ് നൽകുന്നു.(ബ്രിട്ടീഷ് ഇന്ത്യയിൽ മലയാളിക്ക് ബോണസ് എന്ന പദം പോലും അപരിചിതമായിരുന്നു എന്നുകൂടി ഓർമ്മിക്കണം)

♦ 'തൊട്ടുകൂടാത്തവർ, തീണ്ടിക്കൂടാത്തവർ, ദൃഷ്ടിയിൽപ്പെട്ടാലും ദോഷമുള്ളോർ' എന്ന് മഹാകവി വിലപിക്കുന്നതിനു മുൻപുതന്നെ 1928 ലെ സമസ്ത കേരള സാഹിത്യപരിഷത്തിന്റെ മൂന്നാം സമ്മേളനത്തിൽ വിവിധ ജാതി-മത ശ്രേണിയിൽ ഉൾപ്പെടുന്ന സാഹിത്യകാരന്മാർക്ക് സ്വന്തം ഭവനത്തിൽ താമസസൗകര്യം നൽകി. അന്നത്തെ പരിഷത്ത് സമ്മേളനത്തിലെ ഒരു സെഷൻ വനിതാ സെമിനാർ ആയിരുന്നു. അക്കാലത്തെ പ്രമുഖ എഴുത്തുകാരികളായ ബി.കല്യാണി അമ്മ, കടത്തനാട്ട് മാധവി അമ്മ, തരവത്ത് അമ്മാളു അമ്മ, തോട്ടക്കാട്ട് മാധവി അമ്മ തുടങ്ങിയവർ ആ സമ്മേളനത്തിൽ പങ്കെടുത്തിരുന്നു.

♦ താൻ ആരംഭിച്ച ധർമ്മാശുപത്രിയിൽ ആയുർവേദ ചികിത്സയ്ക്കൊപ്പം അലോപ്പതി ചികിത്സ നൽകുന്നതിന് ഡോക്ടറെ നിയമിച്ച് ബഹുജനങ്ങൾക്ക് രണ്ട് വൈദ്യശാസ്ത്രങ്ങളുടേയും സാന്ത്വനം ഉറപ്പാക്കി. ('ചികിത്സാസമന്വയം' എന്ന പദമൊക്കെ നാം പരിചയപ്പെടുന്നത് 1980 കളിലാണെന്ന് സ്മരിക്കുക)

*ഋഷിയായ വൈദ്യൻ*

1902 ൽ പി.എസ്. വാരിയർ ആര്യവൈദ്യശാല തുടങ്ങുന്നത് ഒരേയൊരു സഹായിയേയും കൂടെക്കൂട്ടിക്കൊണ്ടായിരുന്നു. നാല് പതിറ്റാണ്ടുകൾ പിന്നിട്ടപ്പോൾ അദ്ദേഹം തുടങ്ങിവെച്ച സ്ഥാപനങ്ങൾ എല്ലാംതന്നെ ബാലാരിഷ്ടതകൾ കഴിഞ്ഞ് ആരോഗ്യപൂർണമായ യുവത്വം ആർജ്ജിച്ചുകഴിഞ്ഞിരുന്നു. ആര്യവൈദ്യശാല സുസ്ഥിരമായി. ധർമ്മാശുപത്രി നല്ല രീതിയിൽ പ്രവർത്തിക്കുന്നു. പാഠശാലയിൽ കൃത്യമായി പഠനം നടക്കുന്നു. പരമശിവവിലാസം നാടകക്കമ്പനി ജനങ്ങളെ ധാരാളമായി ആകർഷിച്ച് നാടകങ്ങൾ നടത്തുന്നു. ഇത്തരമൊരു സാഹചര്യത്തിൽ, നേടിയെടുത്ത സമ്പത്ത്, സ്ഥാനം, പദവികൾ എന്നിവയിൽ നിന്നെല്ലാം അല്പമകന്നു നിന്ന് ഋഷിതുല്യമായ നിർമ്മമതയോടെയാണ് വൈദ്യരത്നം കാര്യങ്ങൾ വീക്ഷിച്ചത്. തനിക്കുകീഴിൽ പ്രവൃത്തിചെയ്യുന്നവർക്ക് ഉത്തരവാദിത്വങ്ങൾ നൽകികൊണ്ടും അവരെ പ്രവർത്തനോന്മുഖരാക്കിക്കൊണ്ടുള്ള ഒരു യാത്രയായിരുന്നു പിന്നീടുള്ള അദ്ദേഹത്തിന്റെ ജീവിതം.

കഠിനമായ അധ്വാനവും കറയില്ലാത്ത ശുഭാപ്തിവിശ്വാസവും അചഞ്ചലമായ പ്രയത്നശീലവുമായിരുന്നു വൈദ്യരത്നത്തിന്റെ ജീവിതമുദ്രകൾ. ഇതിലൂടെ ആർജ്ജിച്ച സമ്പത്ത് ഒരു ട്രസ്റ്റിന്റെ കീഴിൽ കൊണ്ടുവരുവാനും ധർമ്മം എന്നത് സ്ഥാപനത്തിന്റെ അടയാളമായിരിക്കുവാനും അദ്ദേഹം നിഷ്കർഷിച്ചു. നേടിയതൊന്നും തനിക്കോ തന്റെ പിൻതലമുറയ്ക്കോ മാത്രമായി അനുഭവിക്കുന്നതിന് ഉള്ളതല്ലെന്നും, സമൂഹത്തിന് സമർപ്പിക്കേണ്ടതാണ് എന്നുമുള്ള ഉത്തമബോധ്യം വിളംബരം ചെയ്യുന്നതാണ് പി.എസ്. വാരിയരുടെ ഒസ്യത്ത്.

ജീവിതം കൊണ്ടും കർമ്മം കൊണ്ടും ചുറ്റുമുള്ള മനുഷ്യരെ തന്നോട് ചേർത്തുപിടിച്ചു കൊണ്ടുള്ള യാത്രയായിരുന്നു അദ്ദേഹത്തിന്റെ ജീവിതം.